LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഇടമലക്കുടിയുടെ സമഗ്ര വികസന പദ്ധതിയിൽ ലഭിച്ച 6.20 കോടി രൂപയിൽ 2015 മാർച്ച് 31 വരെ 2,55,14,099 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 2,18,49,943 രൂപ ഇടമലക്കുടിയിലെ ആദിവാസികൾക്ക് വീട് നിർമ്മിക്കുന്നതിനും 36,64.156 രൂപ ഇടമലക്കുടി മേഖലയിലേയ്ക്കുള്ള റോഡിന്റെ വികസനത്തിനും വേണ്ടിയാണ് ചെലവഴിച്ചത്.

ആന പരിപാലന മാർഗ്ഗങ്ങളും എഴുന്നള്ളിപ്പിനുള്ള വ്യവസ്ഥകളും

293 (297) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) നാട്ടാനയുടെ ആക്രമണങ്ങളിൽ പാപ്പാന്മാർ ഉൾപ്പെടെയുള്ളവർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

(ബി) ആന എഴുന്നെള്ളിപ്പുമായി ബന്ധപ്പെട്ട വ്യവസ്ഥകളും പരിപാലന മാർഗ്ഗങ്ങളും കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ജീവഹാനി സംഭവിച്ചിട്ടുണ്ട്. ഇതിന്റെ കാരണങ്ങൾ വനം വകുപ്പ് പരിശോധിക്കുകയും 2012-ലെ നാട്ടാന പരിപാലന ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള മുൻകരുതലുകൾ പാലിക്കാതിരിക്കുന്നതുമൂലമാണ് അപകടങ്ങൾ സംഭവിക്കുന്നതെന്ന് വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. 2002 മുതൽ നാട്ടാന പരിപാലന ചട്ടങ്ങളും ലംഘനവുമായി ബന്ധപ്പെട്ട് വനം വകുപ്പ് 254 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ ഇത്തരം സംഭവങ്ങൾ ഒഴിവാക്കുന്നതിന് ബന്ധപ്പെട്ട ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാനും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുവാനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ജില്ലാതലത്തിൽ ഉത്സവകാര്യങ്ങൾ നിയന്ത്രിക്കുന്നതിനായി ജില്ലാ കളക്ടർ, ജില്ലാ പോലീസ് സൂപ്രണ്ട്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ദേവസ്വം ബോർഡ് മെമ്പർ, കേരള എലിഫന്റ് ഓണേഴ്സ് ഫെഡറേഷൻ പ്രതിനിധി, ആനത്തൊഴിലാളി സംഘടനാ പ്രതിനിധികൾ, കേരളാ ഉത്സവ കോർഡിനേഷൻ കമ്മിറ്റി പ്രതിനിധികൾ എന്നിവർ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഉത്സവകാലത്തിനു മുമ്പായി കമ്മിറ്റി യോഗം ചേർന്ന് ആനകളുടെ ക്ഷേമവും പൊതുജനങ്ങളുടെ സുരക്ഷയും ഉറപ്പുവരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഉത്സവാഘോഷങ്ങൾക്കും മറ്റ് പൊതു പരിപാടികൾക്കും നാട്ടാനകളെ

LIBRARY ARCHIVES Kerala Legislative Assembly

എഴുന്നള്ളിക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകളെ സംബന്ധിച്ച 21-1-2012-ാം തീയതിയിലെ ജി.ഒ.(പി) നമ്പർ 3/2011/വനം നമ്പരായ സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതിനായി എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ആഫീസർമാർക്കും (സോഷ്യൽ ഫോറസ്ട്രി), അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ നാട്ടാന പരിപാലന ചട്ടങ്ങളെക്കുറിച്ചും മറ്റ് ബന്ധപ്പെട്ട നിയമങ്ങളേയും മാർഗ്ഗ നിർദ്ദേശങ്ങളേയും കുറിച്ച് ആനപ്പാപ്പാൻമാർ, ആനയുടമസ്ഥർ, വനം വകുപ്പ് ജീവനക്കാർ തുടങ്ങിയവർക്ക് വിവിധ പരിശീലന പരിപാടികളും നടത്തിവരുന്നുണ്ട്. ഈ വിധത്തിലുള്ള വിവിധ മാർഗ്ഗങ്ങളിലൂടെ കേരളത്തിലെ നാട്ടാനകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള എല്ലാനടപടികളും തുടർന്നും സ്വീകരിക്കുന്നതാണ്.

റെഡ് ഡേറ്റാബുക്കിൽ ഉൾപ്പെട്ട വന്യജീവികൾ

294 (298) ശ്രീ. എം. പി. വിൻസെന്റ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റെഡ് ഡാറ്റാ ബുക്കിൽ ഉൾപ്പെട്ട വന്യജീവികൾ ഏതെല്ലാം ;

(ബി) ഇവയെ സംരക്ഷിക്കുവാൻ എന്തൊക്കെ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വന്യജീവികളിൽ IUCEN Red Data Book-ൽ ഉൾപ്പെടുത്തിയിട്ടുള്ള സസ്തനികൾ, പക്ഷികൾ, ഉരഗങ്ങൾ, ഉഭയജീവികൾ, മത്സ്യങ്ങൾ എന്നിവയുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇവയുടെ സംരക്ഷണത്തിനായി ആവാസ വ്യവസ്ഥയുടെ സംരക്ഷണം, വേട്ടയാടൽ തടയുക, പൊതുജനങ്ങളിൽ ഈ വിധമുള്ള ജീവികളുൾപ്പെടെയുള്ള ജൈവവൈവിദ്ധ്യ സംരക്ഷണാവബോധം വളർത്തുകയും വിജ്ഞാനം വർദ്ധിപ്പിക്കുകയും ചെയ്യുക തുടങ്ങിയവയ്ക്കായുള്ള പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. 1972-ലെ വന്യജീവി (സംരക്ഷണ) നിയമപ്രകാരം വന്യജീവികളുടേയും വനങ്ങളുടേയും സംരക്ഷണത്തിനായി 15 വന്യജീവി സങ്കേതങ്ങളും 5 ദേശീയോദ്യാനങ്ങളും 2 കടുവാ സങ്കേതങ്ങളും ഒരു കമ്മ്യൂണിറ്റി റിസർവും ഉൾപ്പെടെ 23 സംരക്ഷിത വനപ്രദേശങ്ങൾ രൂപീകരിച്ച് ശാസ്ത്രീയമായി വന്യജീവി പരിപാലനം നടപ്പിലാക്കിവരുന്നു. കൂടാതെ ആന, കടുവ എന്നീ പ്രധാന സസ്തനികളുടെ സംരക്ഷണം ലക്ഷ്യമിട്ടുള്ള പ്രത്യേക കേന്ദ്രാവിഷ്കൃത പദ്ധതികളായ പ്രോജക്ട് ടൈഗർ പ്രോജക്ട് എലിഫന്റ് എന്നിവയും നടപ്പിലാക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.